**QP CODE: E05016**

**Reg No : .....................**

**Name : .....................**

**B.A DEGREE CBCS PRIVATE EXAMINATION, JANUARY 2021**

**Third Semester**

B.A MALAYALAM LANGUAGE AND LITERATURE

**COMPLEMENTARY - ML3CMT05 - ഒരു എഴുത്തുകാരൻ - എഴുത്തുകാരി - മാധവിക്കുട്ടി**

2017 ADMISSION ONWARDS

D8017CB1

Time: 3 Hours Max. Marks : 80

***Instructions**:This question paper contains **two sections**.Answer **Section I** questions in the answer book provided. **Section II Internal Examination** questions must be answered in the **question paper itself.**Follow the detailed instructions given under **Section II.***

***Section I***

**Part A**

*Answer any **ten** questions.*

*Each question carries **2** marks.*

1. മാധുവമ്മ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.
2. ആ വാക്കുകൾ മരണമൊഴി എന്നപോലെ എന്നെ മരവിപ്പിക്കുന്നതായി എനിക്കു തോന്നുന്നു. വാക്കുകളെന്ത്
3. നിനക്കറിയാമോ മരണത്തിന്റെ മണം എന്താണെന്ന് ? ആര് ആരോട് പറഞ്ഞു - സന്ദർഭം വ്യക്തമാക്കുക.
4. 'എന്റെ രഹസ്യങ്ങൾ നിന്നിൽ കൂടുകൂട്ടട്ടെ' - സന്ദർഭം വ്യക്തമാക്കുക.
5. "ഈ പതിതയ്ക്ക് ധരിക്കാനോ നിലാവുപോലുള്ളൊരീ വസ്ത്രം" - വിശദീകരിക്കുക.
6. ഈ നെയ് വിളക്കിന്റെ ജ്വാല എന്റെ ഭാവിയെ തടവിലാക്കുന്നു. ഇങ്ങനെ ചിന്തിക്കുന്നതിനു പിന്നിലെ പ്രേരകശക്തി എന്ത്?
7. അക്കാലത്ത് മലയാളഭാഷയ്ക്ക് നമ്പ്യാരുടെ നിറവും അപകർഷതാബോധവുമുള്ളതായി ഞങ്ങൾക്ക് തോന്നി. ആർക്കാണ് തോന്നിയത്. കാരണമെന്ത്
8. ശക്തനായ ഒരാളും ശക്തനായ മറ്റൊരാളും തമ്മിൽ എന്താണ് വ്യത്യാസം. മാനസിയുടെ ഈ ചോദ്യത്തിന് പിന്നിലുള്ള വികാരമെന്ത്. ?
9. നീ എന്നെ ഒറ്റുകൊടുക്കും. ഞാൻ നിന്നെ വഞ്ചിക്കില്ല. ഇവിടെ കവയിത്രി

വിവരിക്കുന്നതെന്താണ്

10. പ്രഭാതം എന്ന കഥയിൽ പ്രഭാകരനെ അവതരിപ്പിക്കുന്നതെങ്ങനെ?

11. നഷ്ടപ്പെട്ട നീലാംബരിയിലെ സുഭദ്രയിലെ പാട്ടുപഠിത്തം അവസാനിച്ചതെങ്ങനെ?

12. ജ്ഞാനാംബാൾ - കുറിപ്പെഴുതുക

(10×2=20)

**Part B**

*Answer any **six** questions.*

*Each question carries **5** marks.*

13. മാധവിക്കുട്ടിയുടെ കഥകളുടെ പൊതുസ്വഭാവം വ്യക്തമാക്കുക

14. സ്ത്രീ , എഴുത്തുകാരി എന്നീ നിലകളിൽ അവതരിപ്പിക്കപ്പെടുന്ന വിഭിന്ന അനുഭവങ്ങൾ "ലോകമൊരു കവയത്രിയെ നിർമ്മിക്കുന്നു" എന്ന കഥയിൽ ആവിഷ്കരിക്കപ്പെടുന്നു- ചർച്ച ചെയ്യുക.

15. "എനിക്കൊരിക്കലും
ഇങ്ങനെ അലയേണ്ടിവരില്ല"- എങ്ങനെയെന്നാണ് കവയിത്രി പറയുന്നത് ?

16. പ്രണയവും രതിയും ആത്മീയതയും ഇടകലർന്ന കാവ്യാനുഭവമാണ് പ്രകൃതിയും പുരുഷനും എന്ന കവിത. ചർച്ചചെയ്യുക

17. യൗവ്വനത്തെ ഏതെല്ലാം തലങ്ങളിലൂടെയാണ് കല്ക്കത്തയിലെ വേനൽക്കാലം എന്ന കവിതയിൽ അവതരിപ്പിച്ചിരിക്കുന്നത്.

18. നമുക്ക് ഓരോരുത്തർക്കും ഓരോ കടമകളുണ്ട്. അത് നിർവ്വഹിക്കലാണ് ജീവിതലക്ഷ്യം . രാമാനുജശാസ്ത്രികളുടെ ഈ വാക്കുകൾ വിശദീകരിക്കുക.

19. ഗ്രാമീണസംസ്കാരത്തിന്റെ അറിവനുഭവങ്ങളാൽ സമൃദ്ധമാണ് മാധവിക്കുട്ടിയുടെ സ്മരണകൾ . കർക്കിടകത്തെ മുൻനിർത്തി വിശദമാക്കുക.

20. അച്ചടിക്കു മുൻപ് മറ്റൊരാൾക്ക് വായിക്കാൻ ഞാൻ എന്റെ കഥകളോ കവിതകളോ കൊടുക്കാറില്ല. മാധവിക്കുട്ടി ഇങ്ങനെ പറയുവാൻ കാരണമെന്ത്

21. മാനസിയെ സ്വന്തമാക്കാൻ വിജയ് നടത്തുന്ന ഉപജാപങ്ങൾ എന്തെല്ലാം?

(6×5=30)

**Part C**

*Answer any **two** questions.*

*Each question carries **15** marks.*

22. പുരുഷൻ നിർമ്മിച്ചുവച്ച അംഗീകൃതസൗന്ദര്യമാനദണ്ഡങ്ങൾക്ക് പുറത്ത് അമ്മയിലും അവർ കോലാട് തന്നെയാണെന്ന് കോലാട് എന്ന കഥ

ധ്വനിപ്പിക്കുന്നു. സമർത്ഥിക്കുക

23. തടവ്, തടവറ എന്ന ബിംബങ്ങളെ തടവുകാരി, കൃഷ്ണൻ എന്നീ കവിതകളെ മുൻനിർത്തി വ്യാഖ്യാനിക്കുക.

24. സ്നേഹത്തിന്റെയും സ്നേഹരാഹിത്യത്തിന്റെയും ആഖ്യാനഭേദങ്ങളാണ് മാധവിക്കുട്ടിയുടെ നോവലുകൾ - സമർത്ഥിക്കുക

25. മലയാളത്തിലെ പുരുഷമേധാവിത്വത്തിന് ഏറ്റ ആഘാതമായിരുന്നു എന്റെ കഥ. വിശദീകരിക്കുക

(2×15=30)